**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനായി കർമ്മപദ്ധതി തയ്യാറാക്കുന്നുണ്ടോ ; അതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (എ) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി 2021 സെപ്റ്റംബർ 28,29 തീയതികളിൽ ഒരു ശില്പശാല ഉന്നത വിദ്യാഭ്യാസ വകുപ്പിന്റേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലെ സർവ്വകലാശാല വൈസ് ചാൻസലർമാർ ഉൾപ്പെടെ വിദ്യാഭ്യാസ വിദഗ്ധർ പങ്കെടുത്ത ദ്വിദിന ശിൽപശാലയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളെ ഉൾപ്പെടുത്തി കർമ്മപരിപാടികൾ ആവിഷ്കരിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ